# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

**എറണാകുളം**

**കൂവപ്പടിബ്ലോക്ക്**

**രായമംഗലം പഞ്ചായത്ത്**

**വാർഡ്-1**

**സോഷ്യൽഓഡിറ്റ്കാലയളവ്:1/10/2018to31/3/2019**

**റിപ്പോർട്ട്തയ്യാറാക്കിയത്:**

**വി.ആർ.പി.പ്രിയങ്ക പ്രകാശൻ**

**വി. ആർ. പി. അശ്വതി എം എസ്**

**സോഷ്യൽഓഡിറ്റ്യൂണിറ്റ്**

**തിരുവനന്തപുരം**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1. ബ്ലോക്കുതലത്തിലുംഗ്രാമപഞ്ചായത്തുതലത്തിലുംപദ്ധതിനിർവഹണ ഉദ്യോഗസ്ഥനായബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്ത്തുസെക്രട്ടറി, മറ്റ് നിർവഹണഉദ്യോഗസ്ഥർ തുടങ്ങിയവരുമായിബ്ലോക്ക്റിസോഴ്സ്പേഴ്സൺ നടത്തിയകൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണംചെയ്യുകയുംസോഷ്യൽ ഓഡിറ്റ്ഗ്രാമ സഭാതീയതിനിശ്ചയിക്കുകയുംചെയ്യുന്നു.
2. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
3. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
4. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
5. വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
6. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## അവകാശാധിഷ്ഠിതനിരീക്ഷണങ്ങൾ

- തൊഴിൽകാർഡ്അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽതൊഴിൽകാർഡ്ലഭിച്ചിട്ടുണ്ട്.
- തൊഴിലുറപ്പ്നിയമപ്രകാരമുള്ള 10 അവകാശങ്ങളെകുറിച്ച്തൊഴിലാളികളിൽചിലർക്ക്ധാരണഇല്ലായിരുന്നു.
- തൊഴിലിനെ അപേക്ഷിച്ചു 15ദിവസത്തിനുള്ളിൽനിർബന്ധമായുംതൊഴിൽനൽകണംഎന്നാണ്നിയമം. എന്നാഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽതൊഴിൽ ലഭിച്ചിട്ടുണ്ട്.

- 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിചില്ല എങ്കിൽ തൊഴിൽ ഇല്ലായ്മ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ നാളിതുവരെ ഒന്നും കിട്ടിയിട്ടില്ല.
- കൈയുറകാലുറഎന്നിവഇപ്പോൾലഭിക്കുന്നില്ലെന്നും.നേരത്തെകിട്ടിയവക്കുഎല്ലാം നാശനഷ്ടംഉണ്ടായി.
- എല്ലാതൊഴിലാളികളുടെയുംതൊഴിൽകാർഡിൽകാർഡ്നമ്പർ, സീൽ, ഫോട്ടോഉണ്ടായിരുന്നു.
- ഡിമാൻഡ്റെസിപ്പ്ട്കിട്ടാറുണ്ടെന്നുഅറിയാൻകഴിഞ്ഞു. എന്നാൽ കിട്ടിയ റെസിപ്പ്ട് വെച്ച് തൊഴിലില്ലാ വേതനത്തിന് അപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞില്ല. റെസിപ്റ്റ് സൂക്ഷിച്ചു വയ്ക്കാറില്ല.
- തൊഴിലാളികൾക്ക്5Kഉള്ളിൽപണികൊടുക്കണംഎന്നാണ്നിയമം.ഈവാർഡിലെ തൊഴിലാളികൾക്ക് 5 KM ഉള്ളിൽതൊഴിൽലഭിക്കുന്നുണ്ട്.
- പ്രവൃത്തിസ്ഥലത്ത്കുടിവെള്ളം, പ്രഥമശുശ്രുഷകിറ്റ്എന്നിവലഭ്യമാണ്.
- തൊഴിൽചെയ്ത് 15ദിവസത്തിനുള്ളിൽകൂലി ലഭിച്ചിട്ടില്ലെങ്കിൽ തൊഴിലില്ലായ്മ വേതനംകിട്ടാനുള്ളഅവകാശമുണ്ട്. എന്നാൽ 15ദിവസത്തിനുള്ളിൽവേതനംലഭിക്കാറില്ല.
- 15 ദിവസത്തിനുള്ളിൽവേതനംകിട്ടിയില്ലെങ്കിൽ 16-ആംദിവസംമുതൽവൈകുന്നഓരോദിവസത്തിനും വേതനത്തിന്റെ0.05% ലഭിക്കാൻഉള്ളഅവകാശമുണ്ട്. എന്നാൽഅങ്ങനൊരുകാര്യത്തെകുറിച്ചുതൊഴിലാളികൾക്ക്ധാരണയുണ്ടായിരുന്നില്ല.
- ഒരു ദിവസത്തെ ആണെങ്കിൽ പോലും ആയുധവാടകതൊഴിലുപകരണങ്ങൾ കൊണ്ടുവരുന്ന എല്ലാവർക്കും ലഭിക്കുന്നുണ്ട്.

## ഫയൽ പരിശോധന

വാർഡ് 1ലെ 6 ഫയലുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ:-

### വർക്ക് :-

1. രായമംഗലംപഞ്ചായത്തിലെവാർഡ് 1 ലെപെരുമ്പാവൂർ ബ്രാഞ്ച്കനാൽ പുനരുദ്ധാരണം 0-300m
   വർക്ക് കോഡ് 1 6 0 8 0 0 4 0 0 5/IC/317695
2. രായമംഗലംപഞ്ചായത്തിലെ വാർഡ് 1 ലെപെരുമ്പാവൂർ ബ്രാഞ്ച്കനാൽ പുനരുദ്ധാരണം 600-900m

   വർക്ക്കോഡ് **1608**004005/IC/318014

3. രായമംഗലം പഞ്ചായത്തിലെ വാർഡ്1 ലെപെരുമ്പാവൂർ ബ്രാഞ്ച്കനാൽ പുനരുദ്ധാരണം 1800-2100m
   വർക്ക് കോഡ് **160800400**5/IC/318072
4. രായമംഗലം പഞ്ചായത്തിലെവാർഡ് 1ലെ പെരുമ്പാവൂർ ബ്രാഞ്ച്കനാൽ പുനരുദ്ധാരണം 2100-2400m വർക്ക്കോഡ്**160800400**5/IC/318073
5. രായമംഗലം പഞ്ചായത്തിലെ വാർഡ്ലെപ്രളയക്കെടുതി നേരിട്ട തോടുകളുടെയും കാനകളും പുനരുദ്ധാരണം റീച്ച്
6. വാർഡ് 1 ലെഇരിങ്ങോൾ നീർത്തടത്തിൽ മണ്ണ്ജലസംരക്ഷണം

### കവർപേജ്:-

- പരിശോധിച്ച 6 ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

### ചെക്ക് ലിസ്റ്റ്:-

- പരിശോധിച്ച 5 ഫയലുകളിലും വാർഷികമാസ്റ്റർ സർക്കുലർ പ്രകാരംഉള്ളചെക്ക് ലിസ്റ്റ് കാണുവാൻ സാധിച്ചു. എന്നാൽ പേജ്നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

**ആക്ഷൻപ്ലാൻ കോപ്പി**:-

- പരിശോധിച്ച 6 ഫയലുകളിൽ ആക്ഷൻപ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

**തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള അപേക്ഷ**:-

- പരിശോധിച് 6 ഫയലിലും തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള ഫോം ഉണ്ടായിരുന്നു. ഗ്രൂപ്പായിട്ടാണ് തൊഴിൽ അപേക്ഷിച്ചിരിക്കുന്നത്.
- തൊഴിൽ ഏതു തീയതി മുതൽ ഏതു തീയതിവരെ വേണമെന്ന് 5 ഫയലിലുംരേഖപ്പെടുത്തിയിരുന്നില്ല.1 ഫയലിൽ തീയതിരേഖപ്പെടുത്തിയിട്ടുണ്ട്.
- പരിശോധിച്ചഫയലുകളിൽ ഒന്നും വ്യക്തിഗത ഡിമാൻഡ് ഫോംകാണുവാൻ സാധിച്ചില്ല.

**തൊഴിൽ അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ്**:-

- തൊഴിൽ ആവശ്യപ്പെട്ട എല്ലാ തൊഴിലാളികൾക്കും തൊഴിൽ അനുവദിച്ചിട്ടുണ്ടായിരുന്നു.
- ഡിമാൻഡ് ചെയ്ത 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടുണ്ടായിരുന്നു.

**എസ്റ്റിമേറ്റ്**:-

- പരിശോധിച്ച 6 ഫയലുകളിൽ സെക്യൂറിൽ നിന്ന് എടുത്ത എസ്റ്റിമേറ്റ് കോപ്പി സൂക്ഷിച്ചിരുന്നു.
- എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡിന് ചിലവായ തുക കാണിച്ചിരുന്നു.
- ഫയലിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ സീൽ, സൈൻ ഉണ്ടായിരുന്നു. എന്നാൽപേര്, തീയതി രേഖപ്പെടുത്തിയിരുന്നില്ല.MGNREGS A.E യുടെ സൈൻ ഉണ്ടായിരുന്നു.
- നോക്കിയ ഫയലുകളിൽ ഒന്നും ജനകീയ ഭാഷയിലുള്ളഎസ്റ്റിമേറ്റ് കാണുവാൻ സാധിച്ചില്ല.
- ഫയലുകളിൽ വർക്കിനെ കുറിച്ചുള്ള ഡീറ്റെയിൽസ് ഉൾപ്പെടുത്തിയിരുന്നു.

**ഭരണാനുമതി**:-

- പരിശോധിച്ച 6 ഫയലുകളിൽ ഭരണാനുമതി ഉണ്ടായിരുന്നു.

- ഭരണാനുമതി സെക്യൂർ കോപ്പി ആയിരുന്നതിനാൽ പഞ്ചായത്ത് സെക്രട്ടറിയുടെ സീൽ, ഒപ്പ്ഇവരേഖപ്പെടുത്തിയിരുന്നു.
- എസ്റ്റിമേറ്റ്തുകരേഖപ്പെടുത്തിയിരുന്നു.
- ഭരണാനുമതിനമ്പറുംഭരണാനുമതിലഭിച്ചതീയതിയുംരേഖപ്പെടുത്തിയിരുന്നു.

**<u>സാങ്കേതിക അനുമതി</u>**:-

- പരിശോധിച്ച 6 ഫയലുകളിൽ സാങ്കേതികാനുമതി ഉണ്ടായിരുന്നു.
- സെക്യറിൽ നിന്നെടുത്തകോപ്പിആയിരുന്നു.പഞ്ചായത്ത്സെക്രട്ടറിയുടെഒപ്പ്, സീൽഃഇവരേഖപ്പെടുത്തിയിരന്നില്ല.
- എസ്റ്റിമേറ്റ്തുകകാണിച്ചിരുന്നു.

**<u>മെഷർമെന്റ് ബുക്ക്</u>**:-

- പരിശോധിച്ച 6 ഫയലുകളിൽ എം ബുക്ക് ഉണ്ടായിരുന്നു.
- എം ബുക്കിൽ എസ്റ്റിമേറ്റ് തുകയും ചെലവായ തുകയും കണിച്ചിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ്സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടസൈൻ, സീൽ ഉണ്ടായിരുന്നു. ഓവർസിയർ വേരിഫൈ ചെയ്തിരുന്നു.അസിസ്റ്റന്റ്എൻജിനീയറുടെഒപ്പ്ഉണ്ടായിരുന്നു.
- പ്രളയക്കെടുതിനേരിട്ടതോടുകളുടെയുംകനാലുകളുടെയും പുനരുദ്ധാരണംഎന്നപ്രവർത്തിക്ക് 3M.ബുക്ക്ഉണ്ടായിരുന്നു.

**<u>മസ്റ്റർ റോൾ</u>**:-

- പരിശോധിച്ച 6 ഫയലുകളിലും മസ്റ്റർ റോൾ സൂക്ഷിച്ചിരുന്നു.
- മസ്റ്റർ റോളിൽ മേറ്റിന്റെ പേര് തീയതിയോടു കൂടിരേഖപ്പെടുത്തിയിരുന്നു. അസിസ്റ്റന്റ് സെക്രട്ടറി യുടെ ഒപ്പ്, സീൽ ബിപിഒ യുടെ സീല്, ഒപ്പ് ഉണ്ടായിരുന്നു.
- വേതനം , ഷാർപ്പനിങ് ചാർജ്, ഹാജർ എന്നിവ രേഖപ്പെടുത്തിയിരുന്നു.
- മസ്റ്റർ റോളിൽ എം ബുക്ക് നമ്പർ, മസ്റ്റർ റോൾ നമ്പർ രേഖപ്പെടുത്തിയിരുന്നു.

## <u>സൈറ്റ് ഡയറി</u>:-

- ആറ്ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു.
- സൈറ്റ് ഡയറിയുടെ ഫ്രണ്ട് പേജിലെ വിവരങ്ങൾ പൂർണമായിരുന്നു.

- പ്രൊജക്റ്റ് മീറ്റിംഗ് ഡീറ്റെയിൽസ് ഉണ്ടായിരുന്നു അതിൽ വാർഡ് മെമ്പർ, മേറ്റ് എന്നിവർ സൈൻ ചെയ്യിട്ടുണ്ടായിരുന്നു. മീറ്റിങ്ങിൽ പങ്കെടുത്ത തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ, ഒപ്പ് ഉണ്ടായിരുന്നു.
- 6 ഫയലിലും ചെക്ക് ലിസ്റ്റ് പൂർണമായും പൂരിപ്പിച്ചിരുന്നു.
- പ്രൊജക്റ്റ് മീറ്റിംഗ് മിനിറ്റ്സ് സൂക്ഷിച്ചിരുന്നു മേറ്റ് സൈൻ ചെയ്യിരുന്നില്ല.
- പ്രവർത്തി സ്ഥലത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ വിവരങ്ങൾപരിശോധിച്ച 6 ഫയലിലുംരേഖപ്പെടുത്തിയിരുന്നില്ല.
- ചികിത്സാ ചെലവ് സംബന്ധിച്ച് വിവരംസൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിരുന്നില്ല.
- ഫയലുകളിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നു.
- നാല് ഫയലുകളിലും തൊഴിലാളികളുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു.
- പദ്ധതി ചിലവ് കാണിച്ചിരുന്നു.
- ആറ്ഫയലിലും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശകകുറിപ്പ്എന്നിവഉണ്ടായിരുന്നു.

**<u>മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്</u>**:-

- പരിശോധിച്ച് 6 ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ് കാണുവാൻ സാധിച്ചു.

**<u>റോയൽറ്റി</u>**:-

- പരിശോധിച്ചഫയലുകളിൽ ഒരെണ്ണത്തിൽ ഭൂവുടമകളുടെ കരം തീർത്ത രസീത് കോപ്പി, റേഷൻ കാർഡ് കോപ്പി, സമ്മതപത്രം എന്നിവ സൂക്ഷിച്ചിരുന്നു.
- ബാക്കിഫയൽ കനാൽ, തോട്വർക്ക് ആയതിനാൽ റോയൽറ്റി ബാധകമല്ലായിരുന്നു.

**<u>വേജ് ലിസ്റ്റ്, എഫ് ടി ഒ</u>** :-

- പരിശോധിച്ചാൽ നാല് ഫയലിലും വേജ് ലിസ്റ്റ്, FTO ഉണ്ടായിരുന്നില്ല. അതുകൊണ്ട് കൃത്യസമയത്ത് വേതനം ലഭിച്ചിട്ടുണ്ടോ എന്നതിന് തെളിവില്ല.

## വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:-

- പരിശോധിച്ച 6 ഫയലുകളിൽ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.
- വർക്കുടങ്ങിയതീയതിയുംഅവസാനിച്ചതീയതിയുംചെലവായതുകയുംരേഖപ്പെടുത്തിയിരുന്നു.
- MGNRE AE യുടെഒപ്പ്ഉണ്ടായിരുന്നുഎന്നാൽ തീയതിയുംസീലുംഉണ്ടായിരുന്നില്ല.

## ഫോട്ടോഗ്രാഫ് :-

- പരിശോധിച്ച ഫയലുകളിൽ 5 എണ്ണത്തിൽ ഓരോ ഘട്ടത്തിലെയും ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചു.

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്:-

- പരിശോധിച്ച ഫയലുകളിൽ വാർഡ് തല സോഷ്യൽ ഓഡിറ്റ് ടീം നടത്തിയ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചില്ല.

## രജിസ്റ്റർ പരിശോധന

### തൊഴിൽ കാർഡ് രജിസ്റ്റർ

- തൊഴിൽ കാർഡ് രജിസ്റ്റർ പാർട്ട് A, B, C, D എന്നിങ്ങനെയാണ് സൂക്ഷിച്ചിരിക്കുന്നത്. തൊഴിൽ കാർഡ് രജിസ്റ്ററിൽ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ ഒപ്പ്, മുദ്ര എന്നിവ കാണാൻ സാധിച്ചു.
- പാർട്ട് A യിൽ ഒന്നുമുതൽ ഇരുപത് വരെയുള്ള വാർഡിലെ തൊഴിലുറപ്പ് അംഗങ്ങളുടെ വിവരങ്ങളാണ് ആണ് രജിസ്റ്ററിൽ രേഖപെടുത്തിയിരുന്നത്. ആകെ 5872 അംഗങ്ങളുടെ പേര് വിവരങ്ങൾ ഉണ്ടായിരുന്നു. 2018 മാർച്ച് വരെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പാർട്ട് എ യിലെ കോളം 10, 11(ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് ) അപൂർണമായിരുന്നു.
- പാർട്ട് B യിൽ വർക്കേഴ്സ് ന്റെ പേര്, വിലാസം, തൊഴിൽ കാർഡ് നമ്പർ, ഫോട്ടോ, രജിസ്റ്റർ ചെയ്ത ഡേറ്റ്, അക്കൗണ്ട് നമ്പർ ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു.

- 200 പേരുടെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.
- പാർട്ട് സി യിൽ തൊഴിലാളി വിവരങ്ങൾ, തൊഴിൽ കാർഡ് നമ്പർ, തൊഴിൽ കാർഡ് ഇഷ്യൂ ഡേറ്റ് ഉണ്ടായിരുന്നു.ആകെ 186 അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് പൂർണമല്ല.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.
- പാർട്ട് D യിൽ ആകെ 14149 പേരുടെ വിവരങ്ങൾ ഉണ്ടായിരുന്നു. എല്ലാ കോളങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

## തൊഴിൽ ആവശ്യപ്പെടുന്നതുംഅനുവദിക്കുന്നതസംബന്ധിച്ചരജിസ്റ്റർ

- 2017-18 മാർച്ച് വരെയുള്ള തൊഴിൽ ആവശ്യപ്പെട്ടതും അനുവദിച്ചിരിക്കുന്നതുമായ ഡീറ്റെയിൽസ് ആണ് കാണാൻ കഴിഞ്ഞത്.
- ഡിമാൻഡ്ചെയ്യതിയതിയുംവർക്ക് അനുവദിച്ചതിയതിയുംഓരോതൊഴിലാളിയുടെയുംപേരിനുനേരെരേഖപ്പെടുത്തിയിരുന്നു.
- തൊഴിലാളികൾ എത്രദിവസംമുതൽ എത്രദിവസംവരെതൊഴിൽ ചെയ്തുഎന്നഡീറ്റെയിൽസ്, വേതനംകൊടുത്തഡേറ്റ്, തുകരേഖപ്പെടുത്തിയിരുന്നു.
- എന്നാൽ 2017 2018 കാലയളവിൽ ആർക്കും തന്നെ തൊഴിലില്ലായ്മ വേതനം കൊടുത്തതിന്റേയോ വേതനം വൈകിയതിന്നഷ്ടപരിഹാരംകൊടുത്തതിന്റെയോകണക്കുവിവരങ്ങൾ എഴുതിയിരുന്നില്ല.
- ഡിമാൻഡ്അലോക്കേഷൻ രജിസ്റ്റർ 2 എണ്ണമുണ്ടായിരുന്നു.രണ്ട്രജിസ്റ്ററുംപഞ്ചായത്ത്സെക്രട്ടറിസർട്ടിഫൈചെയ്തിരുന്നു.

## ഗ്രാമസഭരജിസ്റ്റർ

- ഗ്രാമസഭരജിസ്റ്ററിൽ എല്ലാവാർഡിന്റെയുംഒരുമിച്ചാണ്സൂക്ഷിച്ചിരിക്കുന്നത്.
- ലേബർ ബഡ്ജറ്റ്തയ്യാറാക്കുന്നതിന്റെഭാഗമായുള്ളതൊഴിലാളിഗ്രാമസഭ 24/10/2016 ൽ കൂടിയിട്ടുണ്ട്.376 പേർ പങ്കെടുത്തു. അന്ന്തന്നെ JBDO യുടെക്ലാസ്സ് ഉണ്ടായിരുന്നു.

- 12/12/17 ൽ 522 പേർ പങ്കെടുത്തമീറ്റിംഗിന്റെഡീറ്റെയിൽസ്ഉണ്ടായിരുന്നു.അതിനുശേഷം 30/11/2018 ൽ ഗ്രാമസഭകൂടിയതിൽ 721പേർ പങ്കെടുത്തു.
- എല്ലാഗ്രാമസഭയോഗത്തിന്റെയുംമിനുട്സ്കാണുവാൻ സാധിച്ചു.
- 2019-20ലെ ഷെൽഫ്ഓഫ്വർക്കിലേക്കു 767 വർക്ക് നീക്കിവെച്ചിരിക്കുന്നതിൽ 488 വർക്ക് അംഗീകരിച്ചിട്ടുണ്ട്.
- 2019-20 സാമ്പത്തികവർഷത്തിലെ 115980 മാൻ ഡേയ്സ്, 52384300 രൂപയുടെലേബർ ബഡ്ജറ്റ്ഗ്രാമസഭപാസ്സാക്കിയിട്ടുണ്ട്.

## വർക്ക് രജിസ്റ്റർ

- 2017-2018 കാലയളവിലെവർക്ക് രജിസ്റ്റർ ആണ്പരിശോധിച്ചത്.
- IF/236098- കയ്യാലനിർമാണം, 1608004005/IF/326293-വാർഡ് 8 മരോട്ടിക്കടവ്നീർത്തടത്തിൽ ഉൾപ്പെടുന്നതരിശുഭൂമികൃഷിക്കനുയോജ്യമാക്കൽറീച് 2, 1608004005/IF/326221 തലപുഞ്ചനീർത്തടത്തിൽ ഉള്ളതരിശുഭൂമികൃഷിക്കനുയോജ്യംആക്കൽ റീച്ച് 1, 1608004014/IF/326328 വളയൻചിറങ്ങരനീർത്തടത്തിൽ ഉൾപ്പെടുന്നതരിശുഭൂമികൃഷിക്ക്അനുയോജ്യമാക്കൽ, വാർഡ് 7 കുടുംബങ്ങളുടെഭൂമിയിൽ ഭൂവികസനപ്രവൃത്തികൾ റീച് 1 എന്നീപ്രവൃത്തികളുടെഡീറ്റെയിൽസ്കാണാൻ സാധിച്ചു.
- വേജ്ലിസ്റ്റ്നമ്പർ, മസ്റ്റർ റോൾ നമ്പർ, പേഴ്സൺ ഡേയ്സ്, വേതനംകൊടുത്തഡീറ്റെയിൽസ്രേഖപ്പെടുത്തിയിരുന്നു.സെമിസ്കിൽഡ്തൊഴിലാളികൾ ചെയ്തചിലപ്രവൃത്തിയിൽ കിട്ടാനുള്ള തുക കാണിച്ചിരുന്നു. പഞ്ചായത്ത് സെക്രട്ടറിസൈൻ, സീൽ വെച്ച്സർട്ടിഫൈചെയ്തിരുന

## ഫിക്സിഡ്അസറ്റ് രജിസ്റ്റർ

- 2018-2019 കാലയളവിലെ 3 രജിസ്റ്ററുകൾ കാണാൻ സാധിച്ചു.
- 2018-19 ലെവർക്കുകളുടെവിവരങ്ങൾ കാണാൻ സാധിച്ചു.
- ഫിക്സഡ്അസറ്റ്രജിസ്റ്റർ പാർട്ട് എ, പാർട്ട്ബിആയിതിരിച്ചിരുന്നു. പാർട്ട് എ യിൽ അസറ്റ്ഡീറ്റെയിൽസ്ഉംപാർട്ട് ബിയിൽ വർക്ക് ഡീറ്റെയിൽസ്ഉംരേഖപ്പെടുത്തിയിരുന്നു.
- ഓരോവർക്കും MGNREGS A.E ധന്യസൈൻ ചെയ്തിരുന്നു.

- ഒരുവർക്കിനുംഅസറ്റ്ഐഡിരേഖപ്പെടുത്തിയിരുന്നില്ല.
- WC, LD, RS, FR, IC, IF, DW എന്നീക്ലാസ്ഓഫ്അസറ്റ്ലുള്ളപ്രവർത്തികൾ ആണ്ചെയ്തിരുന്നത്.
- പഞ്ചായത്ത്സെക്രട്ടറിവെരിഫൈചെയ്തിരുന്നില്ല.

## പരാതി രജിസ്റ്റർ

- പരാതിരജിസ്റ്റർ പഞ്ചായത്ത് സെക്രട്ടറിസാക്ഷ്യപ്പെടുത്തിയതായിരുന്നു.
- കൂവപ്പടിജോയിന്റ്ബി.ഡി.ഒവെരിഫൈചെയ്തിരുന്നു.
- പരാതിരജിസ്റ്ററിൽ പരാതികളൊന്നുംരേഖപ്പെടുത്തിയിരുന്നില്ല.

## മെറ്റീരിയൽരജിസ്റ്റർ

- 2015-2017 കാലയളവിലെമെറ്റീരിയൽ രജിസ്റ്റർ ആണ്പരിശോദിച്ചത്.
- വാർഡ് 5 ൽ നടന്ന 10 മെറ്റീരിയൽ വർക്കിന്റെപ്രവർത്തികളുടെമെറ്റീരിയൽ ഡീറ്റെയിൽസ്രജിസ്റ്ററിൽ കാണാൻ കഴിഞ്ഞു .
- വൗച്ചർ ബിൽ no., ബിൽ ഡേറ്റ്, മെറ്റീരിയൽ ക്വാണ്ടിറ്റിഡീറ്റെയിൽസ്രേഖപ്പെടുത്തിയിരുന്നു.
- ടെക്നിക്കൽ അസിസ്റ്റന്റ്സിഗ്നേച്ചർ രേഖപ്പെടുത്തിയിരുന്നില്ല.
- ജോയിന്റ്ബി.ഡി.ഒവെരിഫൈചെയ്തിരുന്നു.
- പഞ്ചായത്ത്സെക്രട്ടറിസർട്ടിഫൈചെയ്തിരുന്നു

## 1. വാർഡ്1ഇരിങ്ങോൾനീർത്തടത്തിൽണ്ണ് ജലസംരക്ഷണപ്രവൃത്തി,

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | ഇരിങ്ങോൾ നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണപ്രവൃത്തി | 1608094005/ WC/346066 | 4/03/19 | 23/03/19 | 185000 | 142817 |

- ഇരിങ്ങോൾ നീർത്തട ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തി ഉപയോഗ ശൂന്യമായ രീതിയിലാണ് കാണപ്പെട്ടത്.
- APLകുടുംബങ്ങളിൽ ചെയ്ത പ്രവർത്തികളായിരുന്നു കൂടുതലും.
- മെഷർമെന്റ് ബുക്ക് പ്രകാരം 300 കുഴികൾ ഉണ്ടാകേണ്ട സ്ഥാനത്ത് രണ്ട് കുഴികൾ മാത്രമാണ് ഉണ്ടായിരുന്നത്.
- കുഴികളുടെഅളവുകളിലുംവ്യത്യാസമുണ്ട്.ഉണ്ടായിരുന്നഅളവിൽ നീളം,വീതി,എന്നിവയുള്ളകുഴികളായിരുന്നുകൂടുതലും.താഴ്ചമാത്രമാണ്അളവില്ലുറവ്ഉണ്ടായിരുന്നത്.കാലക്രമണ മണ്ണിടിഞ്ഞ് ആഴം കുറഞ്ഞു എന്നാണ് ഗുണ്ണഭോക്താക്കൾവ്യക്തമാക്കിയത്.
- സി ഐ ബി ബോർഡ്കാണാൻ കഴിഞ്ഞില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/മെഷർമെന്റ്ബുക്ക് പ്രകാരം -അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പിപി കുര്യാക്കോസ് | നിലമൊരുക്കൽ | 1224m2 | 1500m2 | പരിശോധിച്ചപ്രവർത്തിയിൽനീളംകൂടുതലുംവീതികുറവുംആയിട്ടാണ്കാണാൻകഴിഞ്ഞത്.സന്ദർശിച്ചസമയത്ത്സ്ഥലംനിറയെകാടുപിടിച്ചുകിടക്കുന്നഅവസ്ഥയിലാണ്കാണപ്പെട്ടത്. |
| 2 | സൂസൺ | നിലമൊരുക്കൾ | 1920m2 | 1760m2 | എംബുക്കിനെകാളുംകുറഞ്ഞഅളവിൽആണ് മെഷർമെന്റ്കിട്ടിയത്.സ്ഥലംഅളന്നുതിട്ടപ്പെടുത്താൻപറ്റിയഅവസ്ഥയിലായിരുന്നു.കാട്ടിടിച്ചുകിടന്നതിനാൽ കുഴികൾ രണ്ടെണ്ണം കാണാൻ കഴിഞ്ഞു |
| 3 | പിപി കുര്യാക്കോസ്<br><br>സൂസൺ | മഴക്കുഴി | 300എണ്ണം<br>(L-1.2<br>B-1.00<br>D-.60) | 2എണ്ണം<br>(L-.70<br>B-.60<br>D-.50) | മഴക്കുഴിഎന്നപ്രവർത്തിഇവിടെഉപയോഗശൂന്യമായികാണപ്പെട്ടു. |

## 2. വാർഡ് ഒന്ന് പ്രളയക്കെടുതി നേരിട്ട തോടുകളുടെയും കാനകളുടെയുംപുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | രായമംഗലംപഞ്ചായത്ത് വാർഡ്1തോടുകളുടെയും കാനങ്ങളുടെയും പുനരുദ്ധാരണം | 1608004005/FP/307782 | 19/12/2018 | 10/2/2019 | 293000 | 285776 |

- പ്രവർത്തി പരിശോധന സമയത്ത് തോടുകളുടെ സമീപത്തു കാടുകൾകയറിരുന്നു. കാനകളും തോടുകളും ചെളിനിറഞ്ഞു കാണപ്പെട്ടു.
- എസ്റ്റിമേറ്റ്,മെഷർമെന്റ്ബുക്ക്പ്രകാരം പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം എന്ന പ്രവർത്തിയിൽ 7 തോടുകളുടെയും സ്ളിസ് കളുടെയും പ്രവർത്തിആണ് മനസിലാക്കാൻ കഴഞ്ഞത്.എന്നാൽ ഈ പ്രവൃത്തികളിൽ ഒന്നും കൃത്യമായും മുഴുവനായും മെഷർമെന്റ് എടുക്കാൻ കഴിഞ്ഞില്ല.തോടുകൾ എല്ലാം വൃത്ത ഹീനമായാണ് കാണപ്പെട്ടത്.തോടുകളിൽ കൂടി പലതരത്തിലുള്ള മാലിന്യങ്ങൾ ഇടുന്നത് ശ്രദ്ധയിൽപ്പെട്ടു,കൂടെ വന്ന മേറ്റ് അത് സൂചിപ്പികയും ചെയ്തു.
- പ്രവൃത്തി സ്ഥലത്ത് ഒന്നും CIB ബോർഡ് കാണാൻ സാധിച്ചി|ല്ല.
- വർക്ക് നടക്കുന്ന സമയത്ത് അവർക്കുവേണ്ട കയ്യുറയും കാൽ ഉറയും ഒന്നും ലഭിച്ചിരുന്നില്ല, ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടായിരുന്നു പക്ഷേ മീറ്റിംഗ് ചെന്നപ്പോൾ കാണാൻ കഴിഞ്ഞില്ല. ഈ പണി നടക്കുന്ന സമയത്ത് മാലിന്യങ്ങൾ നിറഞ്ഞതു കൊണ്ട് വർക്ക് ചെയ്യാൻ ബുദ്ധിമുട്ട് ആയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.

| നമ്പർ | വർക്ക് നെയിം | പ്രവർത്തി | എം ബുക്ക് / എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ്<br>പരിശോധനയിൽ കണ്ടെത്തിയ അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഞാളൂർ തോട് | ചെളി കോരൽ | 612<br>L-1020<br>B-.600 | L-326m<br>B-.600 | എസ്റ്റിമേറ്റ്പ്രകാരമുള്ളമെഷർമെന്റ്എടുക്കാൻ കഴിഞ്ഞില്ല.കാടുകേറി<br>കിടക്കുന്നതിനാൽഅളവ്എടുക്കാൻപറ്റിയഅവസ്ഥയിലായിരുന്നില്ല. |
| 2 | വലിയ കുളം തോട് | ചെളി കോരൽ | 630<br>L-1020m<br>B-.600 | Nil | നടപ്പാതഇല്ലാത്തതുംഅട്ടയുള്ളതുമായസ്ഥലമായതിനാൽഇറങ്ങാൻകഴിയാത്തരീതിയിലായിരുന്നുകാണപ്പെട്ടത്. |

| | | | | | |
|---|---|---|---|---|---|
| 3 | ചേമ്പല ക്കാ ട്തോട് | ചെ ളി കോ രൽ | 450m<br>L-900m<br>B-.500 | Nil | അളവെടുക്കാൻസാധിക്കാത്തഅവസ്ഥയിലാണ്കാണപ്പെട്ടത് |
| 4 | കുറുപ്പം പടിഫീ ൽഡ്ഢാന ൽ | ചെ ളി കോ രൽ | 700m<br>L-1400<br>B-.500 | | കാടുകയറികിടക്കുന്നഅവസ്ഥയായിരുന്നു. |
| 5 | സ്ലൂയിസ് | ചെ ളി കോ രൽ | 1000m<br>L-2000<br>B-.500 | -2000<br>B-.500 | പലകാടകളുംചെളിനിറഞ്ഞതുംകാട്കേറികിടക്കുന്നഅവസ്ഥയിലാണ്കാണപ്പെട്ടത് |
| 6 | ആ പ്പ്തോട് | ചെ ളി കോ രൽ | 696<br>L-1160<br>B-.600 | L-86m<br>B-.600 | പാടത്തിന്റെപരിസരപ്രദേശമായതിനാൽഇറങ്ങാൻകഴിയാത്തതുംഅട്ടനിറഞ്ഞതുമായപാsമായിരുന്നു |
| 7 | കുറിയ പുറംതട് | ചെ ളി കോ രൽ | 430<br>L-860<br>B-.500 | Nil<br>B-.500 | കാടുപിടിച്ചു കിടന്ന അവസ്ഥയിൽ ആയോണ്ട് മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല |
| 8 | ചീയംകു ളംതോട് | ചെ ളി കോ രൽ | 704m<br>L-880<br>B-.800 | L-11m<br>B-.800 | കാട്ടിറഞ്ഞതുംചെളിഉള്ളതിനാലുംനടപാതഇല്ലാത്തഅവസ്ഥയിലാണ്കാണപ്പെട്ടത്അതിനാൽമെഷർമെന്റ്എടുക്കാൻകഴിഞ്ഞില്ല |

### 3. **പെരുമ്പാവൂർ ബ്രാഞ്ച് കനാൽ**

| നമ്പർ | വർക്ക് നെയിം | വർക്ക് കോഡ് | ആരംഭിച്ച തിയതി | അവസാനിപ്പിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|---|
| 1 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | 1608004005/IC/318072 | 28/11/2018 | 4/12/2018 | 46500 | 39149 |
| 2 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | 1608004005/IC/317645 | 17/10/2018 | 26/10/2018 | 64000 | 58706 |
| 3 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | 1608004005/IC/318014 | 13/11/18 | 19/11/18 | 46500 | 40750 |
| 4 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | 1608004005/IC/318073 | 27/10/2018 | 3/11/2018 | 47000 | 41292 |

- കനാൽപലയിടത്തുംവൃത്തിഹീനമായികാണപ്പെട്ടു..വീണ്ടുംശുചിയാക്കേണ്ടഅവസ്ഥയിൽആയിരുന്നു.
- തൊഴിലാളികൾക്കുപ്രവർത്തിസമയത്കയ്യുറ,കാലുറഎന്നിവനൽകിയിരുന്നില്ല. പ്രതിരോധഗുളികകൾമാത്രമാണ്ലഭ്യമാക്കിയിരുന്നത്.
- ബ്രാഞ്ച് കനാലിലെ മെഷർമെന്റ് ഇൽ നാല് ഭാഗമായി ആണ് വർക്ക് നടന്നിരുന്നത്. ഇതിന്റെ മൊത്തം നീളം 1200 മീറ്റർ ആയിരുന്നു അതിൽ 1055 മീറ്റർ പരിശോധനയിൽ ലഭിച്ചത്. എന്നാൽ വീതി2.4 മീറ്റർ കൃത്യമായിരേഖപ്പെടുത്താൻ കഴിഞ്ഞു.
- കനാലിന്റെ പ്രവർത്തിയിൽ സിഐ ബിബോർഡ്കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല

| നമ്പർ | വർക്ക് നെയിം | പ്രവൃത്തി | എംബുക്ക് / എസ്റ്റിമേറ്റ് ബുക്കിൽ രേഖപ്പെടുത്തി അളവ് | പരിശോധനയിൽ ലഭിച്ച അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300<br>B-2.40 | L-300<br>B-2.40 | കാടുകയറിയുംചെടിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |
| 2 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300<br>B-2.40 | L-300<br>B-2.40 | കാടുകയറിയുംചെളിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |
| 3 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300<br>B-2.40 | L-300<br>B-2.40 | കാടുകയറിയുംചെളിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |
| 4 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L.300<br>B-2.40 | L-155<br>B-2.40 | കാടുകയറിയുംചെളിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |

## തൊഴിലാളികളുടെ പൊതുവായപരാതികൾ, നിർദ്ദേശങ്ങൾ :-

- ചെയ്ത പണിയുടെ വേതനം കൃത്യസമയത്ത് കിട്ടുന്നില്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു.
- ഈ വർഷം 2019-2020 , 58 പണിചെയ്തിരുന്നു എന്നാൽ 18 പണിയുടെ കൂലി മാത്രമേ കിട്ടിയിട്ടുള്ളൂ.
- പൊതുവായ പണികൾ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകണമെന്ന ആവശ്യമുന്നയിച്ചു.
- തൊഴിൽ ദിനങ്ങൾ, വേതനം എന്നിവ കൂട്ടുക.
- തൊഴിലുറപ്പ് നിയമപ്രകാരം ഒരുവ്യക്തിക്ക് 100 തൊഴിൽ എന്നാണ്. മീറ്റിംഗിൽ പങ്കെടുത്ത 32 തൊഴിലാളികളിൽ 21 പേർക്ക് 100പണികിട്ടിയിരുന്നു.
- ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.
- 100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് 1000 രൂപ വീതം ബോണസ് കിട്ടിയതായി അറിയാൻപറ്റി.
- തൊഴിൽ സ്ഥലത്തു വെച്ച് അപകടം സംഭവിച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെകുറിച്ച തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നില്ല.
- തൊഴിൽകാർഡ് എടുക്കുന്നതിനും മറ്റുരേഖകൾ കൊടുക്കുന്നതിനും വേണ്ടി ഫോട്ടോസ്റ്റാറ്റ് എടുക്കുന്ന സ്വന്തം കൈയിൽ നിന്ന്പൈസ എടുത്താണ്.
- കൂടുതൽ തൊഴിലാളികളുടെ ബാങ്ക്പാസ്സ്ബുക്കിൽ അക്കൗണ്ട് ട്രാൻസാക്ഷൻസ് പതിപ്പിച്ചിട്ടില്ലായിരുന്നു.അതിനുകാരണം പറഞ്ഞത് പാസ്സ് ബുക്ക്പതിപ്പിക്കാൻ ബാങ്കിൽചെന്നാലും മെഷീൻ തകരാർമൂലം പതിപ്പിക്കാ പറ്റാതെ തിരിച്ചു പോകേണ്ടിവരും.
- സിബി ബി ബോർഡിനെ കുറിച് തൊഴിലാളികൾക്കിടയിൽ അറിവില്ലായിരുന്നു വാർഡ് 1പരിശോധന നടത്തിയ ഫീൽഡിൽ CIB ബോർഡ് കാണുവാൻ സാധിച്ചില്ല.

## നന്ദി

രായമംഗലം ഗ്രാമപഞ്ചായത്തിലെ 2018 -19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കുവാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## രായമംഗലം ഗ്രാമപഞ്ചായത് വാർഡ്- 1മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്ട്സ്

കൂവപ്പടി ബ്ലോക്കിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 01/11/2019 നു 3 മണിക്ക് ചിയംകുളം അംഗൻവാടിയിൽ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു.50 പേർ ഗ്രാമസഭയിൽ പങ്കെടുത്തു തൊഴിലാളികളിൽ നിന്നും അധ്യക്ഷനായി തങ്ക ദിവാകരനെ തിരഞ്ഞെടുത്തു. യോഗത്തിന് പ്രസിഡണ്ട് ശ്രീമതി സൗമിനി ബാബു ഉദ്ഘാടനം നിർവഹിച്ചു. മെമ്പർ ശ്രീമതി സിജി സാജു സ്വാഗതം ആശംസിച്ചു.തുടർന് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ കുമാരി മരിയമോൾ സ്റ്റീഫൻ സംസാരിച്ചു.തൊഴിലുറപ്പ് പദ്ധതിയെ കുറിച്ചും,സോഷ്യൽ ഓഡിറ്റ് എന്താണ് എങ്ങനെയാണു നടത്തുന്നത് ,സോഷ്യൽ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ വിശദീകരിച്ചു . അതിനുശേഷം വില്ലേജ് റിസോഴ്സ് പേഴ്സൺ പ്രിയങ്ക, അശ്വതി എന്നിവർ റിപ്പോർട്ട് ഘട്ടങ്ങൾ ആയി അവതരിപ്പിച്ചു,പരിശോധിച്ച 6 ഫയലുകളുടെ കണ്ടെത്തലുകൾ അവതരിപ്പിച്ചു.അതിനു ശേഷം വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഓരോ പ്രവർത്തി ഫയലിലും കാണേണ്ട 22 രേഖകൾ എന്തെല്ലാമെന്നും അവയിൽ

ഏതൊക്കെ പരിശോധിച്ച ഫയലുകളിൽ കാണാൻ സാധിച്ചു എന്നും അവതരിപ്പിച്ചു.

പ്രധാന നിരീക്ഷണങ്ങൾ:-

1.തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

2.ഫയലുകളിൽ ഡോക്യുമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്.

3.ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. .

4.ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മയും ഉറപ്പു വരുത്തേണ്ടതാണ്.

5.പ്രവർത്തിയിടങ്ങhളിൽ തണൽസൗകര്യം, പ്രഥമ ശുശ്രുഷ കിറ്റുകൾ, കുടിവെള്ളം,എന്നിവ ലഭ്യമാണ്.

6.പ്രവർത്തിയിടങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡും ഉണ്ടായിരുന്നില്ല.

7.ഡിമാൻഡ് ഫോമുകളിൽ തൊഴിൽ ഏതു തീയതി മുതൽ ഏതു തീയതി വരെ തൊഴിൽ വേണം,

അപേക്ഷ കൊടുത്ത തിയതി എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല . തൊഴിലാളികൾ പറഞ്ഞതനുസരിച്ച് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടാറുണ്ട് എന്നാണ് വ്യക്തമായത്.

8.വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക്ക് ശേഷമാണ് ആയതിനാൽ തൊഴിലുറപ്പിന് മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

9. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പരിശോധന കൃത്യമായി നടത്തണം.

തുടർന്നു റിപ്പോർട്ടിന്മേൽ ചർച്ച നടന്നു. ചർച്ചയിൽ വന്ന പ്രധന വിഷയങ്ങൾ

- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട്. 100 പണി ഭൂരിഭാഗം തൊഴിലാളികൾക്ക് കിട്ടിയിട്ടുണ്ട്.
- കനാലുകളും തോടുകളും തുടങ്ങിയ പ്രവർത്തികൾ തൊഴിലാളികൾ വളരെ നന്നായി ചെയ്തിട്ടുണ്ട് എന്നാൽ മറ്റു പലരെയും കൊണ്ടും ചെയ്തിട്ടും

ഇത്ര നന്നായിട്ടില്ല എന്ന് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഭിപ്രായം പറഞ്ഞു.

- കനാൽ വൃത്തിയാക്കുന്ന സമയത്ത് ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നതായി തൊഴിലാളികൾ പറഞ്ഞു.
- മാലിന്യങ്ങൾ തോടുകളിലും,കാനകളിലും നിറഞ്ഞിരുന്നു അതിനാൽ ഈ പ്രവർത്തി സമയത്ത് വളരെ ബുദ്ധിമുട്ട് തൊഴിലാളികൾ അനുഭവിച്ചിരുന്നു. ▪തൊഴിലാളികൾക്ക്
- കൂലി സമയബന്ധിതമായി ലഭിക്കാനുള്ള സൗകര്യം വേണമെന്ന് ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു.
- വേതനം കൂട്ടണമെന്ന് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഭിപ്രായപ്പെട്ടു.
- തൊഴിലാളികൾ നന്നായിട്ട് പണിയെടുക്കു ന്നുടെന്ന് ഭൂവുടമകൾ പറയുകയുണ്ടായി.
- വർക്ക് കഴിയുമ്പോൾ തന്നെ അതിന്റെ ഫീൽഡ് പരിശോധന നടത്തണമെന്ന് അഭിപ്രായപ്പെട്ടു.
- കൈയുറ,കാലുറ എന്നിവ കഴിഞ്ഞവർഷം വാങ്ങി കൊടുത്തതാണെന്ന് മെമ്പർ പറഞ്ഞു. എന്നാൽ അതൊന്നും ഇപ്പോൾ ഇല്ല. കനാലുകളുടെ യും തോടുകളുടെയും പുനരുദ്ധാരണ സമയത്ത് ഇവ എല്ലാം നശിച്ചുപോയി. ക്വാളിറ്റിയുള്ള കയ്യുറയും കാലുറയും ആണ് വാങ്ങി കൊടുത്തിരുന്നത് എന്നാൽ അത് അവരുടെ അശ്രദ്ധ മൂലം നശിച്ചുപോയത്.
- കൈയുറ കാലുറ തുടങ്ങിയവഎഡിഎസ്സ്ഫണ്ടിൽ നിന്നും ഇവ വാങ്ങാൻസാധിക്കാത്ത അതിനെക്കുറിച്ചും ചർച്ച ചെയ്തു. ഇതിന് മറുപടിയായി പഞ്ചായത്തിൽനിന്ന് വേണ്ടത് ചെയ്യാമെന്ന് മെമ്പർ ഉറപ്പു നൽകുകയുണ്ടായി.
- തൊഴിലുറപ്പ് തൊഴിലാളികൾ കൃത്യമായി പണി ചെയ്യുന്നില്ല എന്ന് മറ്റുള്ളവരിൽനിന്ന് പരാതി വരുന്നുണ്ടെന്ന് അറിഞ്ഞു.
- ഗ്രാമസഭയിൽ 2 ഭൂവുടമകൾ പങ്കെടുത്തിരുന്നു. തൊഴിലുറപ്പ് തൊഴിലാളികൾ കൃത്യമായി പണിയെടുത്തിട്ടുണ്ട്ന്ന് അവർ ഗ്രാമ സഭയിൽ വ്യക്തമാക്കി.
- ഗ്രാമസഭയിൽ പങ്കെടുത്ത ഒരു വ്യക്തി 300 കുഴികളിൽ രണ്ട് കുഴികൾ മാത്രം കണ്ടു എന്ന് പറഞ്ഞതുകൊണ്ട് 298 കുഴികളുടെ പണം സർക്കാരിന് നഷ്ടം വരുന്നില്ലേ,കുഴികൾ എങ്ങനെ മുടി പോകുന്നു തുടങ്ങിയ

ചോദ്യങ്ങൾ ചോദിച്ചു. ഗുണഭോക്താകളോടെ ബാക്കി കുഴികൾക്ക് എന്താണ് സംഭവിച്ചത് എന്ന് ചോദിച്ച് മനസ്സിലാക്കിയതിനു ശേഷമാണ് റിപ്പോർട്ട് ഉണ്ടാക്കിയതെന്ന് വിആർ പി പ്രിയങ്ക പറഞ്ഞു.

- പുതിയ വർക്കുകൾ എങ്ങനെ കണ്ടെത്താം എന്നതിന് കുടുംബശ്രീ ഗ്രാമസഭ എന്നീ ഇടങ്ങളിൽ കൂടിയാലോചിച്ച് പുതിയ തൊഴിൽ കണ്ടെത്തണമെന്ന് തീരുമാനത്തിലെത്തി.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി കുറച്ചുകൂടി ശക്തിപ്പെടുത്തണമെന്ന്സോഷ്യൽ ഓഡിറ്റ് ടീം വാർഡ് മെമ്പർ ആവശ്യപ്പെട്ടു.

ചർച്ചകൾക്ക്ക്കൊടുവിൽ വി ആർ പി അനിത ഗോപി നന്ദി പറഞ്ഞു. റിപ്പോർട്ട് കയ്യടിച്ചു പാസാക്കി. എംജിഎൻആർഇജി സെക്ഷനിൽ നിന്ന് ഓവർസിയർ, അക്കൗണ്ടന്റ്, ഒന്നാം വാർഡിലെ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ആശാവർക്കർ, എ ഡി എസ് അംഗങ്ങൾ, അംഗൻവാടി ടീച്ചർ, വർക്കർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു.

അതിനുശേഷം ദേശീയ ഗാനത്തോടെ 4.15നെ യോഗനടപടികൾ അവസാനിപ്പിച്ചു.